**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1712** **08.06.2018-ലെ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതുസർവീസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി |
| (എ) തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് കരട് നയം തയ്യാറായിട്ടുണ്ടോ; ഇതു സംബന്ധിച്ച് അഭിപ്രായങ്ങൾ സർക്കാർ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;<br><br>(ബി) ഇതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; പൊതു സർവ്വീസ് എന്ന ആശയം എന്നേക്ക് നടപ്പിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (എ) & (ബി) പൊതു സർവ്വീസ് രൂപീകരണം സംബന്ധിച്ച് കരട് നയം തയ്യാറാക്കിയിട്ടില്ല. എന്നാൽ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ സ്റ്റേറ്റ് സർവ്വീസിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സബോർഡിനേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ. ആയത് ലഭിച്ച ശേഷം ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തി, നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് എത്രയും വേഗം പൊതു സർവ്വീസ് നടപ്പിൽ വരുത്തുന്നതാണ്. |

(സി) പൊതു സർവ്വീസ് എന്ന ആശയത്തിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, മുനിസിപ്പൽ കോമൺ സർവ്വീസ്, നഗര-ഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് ഒരു ഏകീകൃത പൊതു സർവ്വീസ് രൂപീകരിക്കുന്നതിനാണ് തീരുമാനിട്ടുള്ളത്. ഈ ഏകീകരണം തദ്ദേശ സ്വയംഭരണ പൊതു സംവിധാനം ശക്തിപ്പെടുത്തുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത ഉയർത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും സഹായകമാണ്.

ഭരണഘടനയിലെ 11-ഉം, 12-ഉം പട്ടികകൾ അനുസരിച്ചുള്ള വിഷയങ്ങളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 3, 4, 5 പട്ടികകൾ അനുസരിച്ചുള്ളതും, 1994-ലെ മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാം പട്ടിക അനുസരിച്ചുള്ളതുമായ വിഷയങ്ങൾ കണക്കിലെടുത്തുകൊണ്ട് സംയോജിത വികസന കാഴ്ചപ്പാടോടെ പദ്ധതികൾ രൂപീകരിക്കുകയും, നടപ്പിലാക്കുകയും ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പിന്തുണാ സംവിധാനമാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ജനാധിപത്യപരമായും സുതാര്യമായും ഉത്തരവാദിത്വപരമായും നിർവ്വഹിക്കുന്നതിനും വിഭവ സമാഹരണവും വിഭവ വിനിയോഗവും കാര്യക്ഷമമാക്കുന്നതിനും പ്രാദേശിക തലത്തിൽ ആവശ്യമായ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും ഏകീകരണം കൊണ്ട് സാധിക്കും.

| | |
|---|---|
| (ഡി) ആയത് നടപ്പിലാക്കുന്നതിലൂടെ സർക്കാരിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ